# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-4/2798/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 27/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടർ, എൽ. എസ്.ജി.ഡി. മലപ്പുറം
കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.എം.പി.എം-4/2798/2023 തീയ്യതി: 27/12/2023

## മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-03-2023 മുതൽ 06-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-12-2023 | 15-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2023 | 15-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീ.നസീർ .ടി.കെ, ഓഡിറ്റ് ഓഫീസർ

2.ശ്രീമതി.സുജാത.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

3.ശ്രീമതി.വിനീത പി പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.പുഷ്പവല്ലി.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സന്തോഷ്.എ.ജെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എമി പോൾ | അസിസ്റ്റന്റ് ഡയറക്ടർ- കൃഷി | 01-04-2022 | 08-05-2022 |
| ശ്രീ. ലിജു എബ്രഹാം | അസിസ്റ്റന്റ് ഡയറക്ടർ- കൃഷി | 09-05-2022 | 20-06-2022 |
| ശ്രീമതി.ഷക്കീല പി | അസിസ്റ്റന്റ് ഡയറക്ടർ- കൃഷി | 21-06-2022 | 30-06-2022 |
| ശ്രീമതി.എമി പോൾ | അസിസ്റ്റന്റ് ഡയറക്ടർ- കൃഷി | 01-07-2022 | 16-08-2022 |
| ശ്രീമതി.രജനി എം കെ | അസിസ്റ്റന്റ് ഡയറക്ടർ- കൃഷി | 17-08-2022 | 02-10-2022 |
| ശ്രീമതി.ഇന്ദു ബി | അസിസ്റ്റന്റ് ഡയറക്ടർ- കൃഷി | 03-10-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ മജീദ് വി | ക്ഷീര വികസന ഓഫീസർ | 01-04-2022 | 16-07-2022 |
| ശ്രീമതി. നസീമ കെ | ക്ഷീര വികസന ഓഫീസർ | 17-07-2022 | 31-03-2023 |
| ശ്രീമതി. ജയഗീത കെ എം | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഉസ്മാൻ പുളിക്കത്തുമ്പയിൽ | പട്ടിക വർഗ്ഗ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ലാൽ പരമേശ്വർ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി. ജസീല ഇ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദാലി പി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 19-12-2022 |
| ശ്രീ. ഇസ്മയിൽ സി ടി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 20-12-2022 | 16-01-2023 |
| ശ്രീ. മുഹമ്മദാലി പി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 17-01-2023 | 05-03-2023 |
| ശ്രീ. ഇസ്മയിൽ സി ടി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 06-03-2022 | 31-03-2023 |
| ശ്രീ. മണികണ്ഠൻ ആർ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 25-09-2022 |
| ശ്രീ. പ്രഫുല്ലദാസ് | പട്ടിക ജാതി വികസന ഓഫീസർ | 26-09-2022 | 31-03-2023 |
| ഡോ. വിധു വർമ്മ | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2022 | 30-04-2022 |
| ഡോ. ശർമ്മിള | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-05-2022 | 31-03-2023 |
| ശ്രീ. പ്രവീൺ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 04-05-2022 |
| ശ്രീ. ജോസ്ന വി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 05-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ഷെഡ്യൂൾ B-17, B-4 എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് പ്രവൃത്തികൾ മുഴവനായും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം. | 1-3 |
| 12 | സർക്കാർ ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | ACR പ്രകാരമുള്ള ചെലവുകൾ RP-7 & RP31 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല | 1-4-1 |
| 14 | പദ്ധതി രൂപീകരണം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 20 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-11 |
| 21 | പ്ളാസ്റ്റിക്ക് ബെയ്ലിങ് മെഷീൻ സ്ഥാപിക്കൽ -അപാകതകൾ | 1-12 |
| 22 | എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-13 |
| 23 | എസ്.സി കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-14 |
| 24 | എസ്.ടി കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-15 |
| 25 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-16 |
| 26 | ഡെപ്പോസിറ്റ് /മുൻകൂർ നൽകൽ വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 27 | ബ്ലോക്ക് ഓഫീസിൽ സോളാർ സ്ഥാപിക്കൽ - നാല് ലക്ഷം രൂപയിലധികം നഷ്ടം | 1-18 |
| 28 | LP/UP സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം -അപാകതകൾ | 1-19 |
| 29 | ബ്ലോക്ക് വക പഴയ വാഹനം തുടർ നടപടി സ്വീകരിക്കണം | 1-20 |
| 30 | PMAY വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കണം | 1-21 |
| 31 | വാഹന വാടക നൽകൽ -ആദായ നികുതി ഈടാക്കിയിട്ടില്ല | 1-22 |
| 32 | മുൻകൂർ അനുവദിക്കൽ -രശീതി /വിനിയോഗ വിവരം ലഭ്യമാക്കണം | 1-23 |
| 33 | കണ്ടീജന്റ് ചെലവ് - ധനവിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-24 |
| 34 | മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു | 1-25 |
| 35 | കണക്കിൽപ്പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-26 |
| 36 | കുടിവെള്ള പദ്ധതികൾ– കുഴൽ കിണർ നിർമ്മാണം വിവരം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 37 | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ മെയിന്റനൻസ്-വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-28 |
| 38 | കുടിവെള്ള പദ്ധതികൾ -പൂർത്തീകരണ ശേഷം പരിപാലന കമ്മറ്റികൾക്ക് കൈമാറുന്നില്ല | 1-29 |
| 39 | മരാമത്ത്-നിശ്ചിത കാലാവധിയ്ക്കകം കരാറിലേർപ്പെടാത്തതിന് പിഴ ഈടാക്കിയില്ല. | 1-30 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.10.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി

ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം

തീയതി:27-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)].

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (1208108/-)പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (13006733) പൊരുത്തപ്പെടുന്നില്ല.

### 1-1-5 ഡെപോസിറ്റ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ മുഴുവൻ രേഖപ്പെടുത്തൽ വരുത്താത്തതിനാൽ ബി7 ഷെഡ്യൂൾ പ്രകാരമുള്ള 7,44,424 /- രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-6 അഡ്വാൻസ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ മുഴുവൻ രേഖപ്പെടുത്തലും വരുത്താത്തതിനാൽ ബി 18 ഷെഡ്യൂൾ പ്രകാരമുള്ള രൂപയുടെ 3983248 /- കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-7 ഷെഡ്യൂൾ B-17, B-4 എന്നിവ തമ്മിൽ പൊരുത്തപെടുന്നില്ല.

| ഗ്രാന്റിനം | B-17 പ്രകാരം | B-4 പ്രകാരം |
|---|---|---|
| SGSY | 1685696 | 46206 |
| TSC | 1909593 | 2112826 |

### 1-1-8 ഡെപോസിറ്റ് പ്രവൃത്തികൾ മുഴുവനായും വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല

അംഗനവാടികളുടെ നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നൽകൽ ഇനത്തിൽ 2409000 രൂപ Mgnregs ജില്ലാ മിഷനും , എസ്.സി കോളനി കടിവെള്ളപദ്ധതി ഇനത്തിൽ 76,358 രൂപ കേരള ഗ്രൗണ്ട് വാട്ടർ വകുപ്പിനും നൽകിയിട്ടുണ്ട്.ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1(1) , 26.03.2022 | പുതുക്കിയിട്ടില്ല |

### 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 15528663 |
| വരവ് | 145687745 |
| ആകെ | 161216408 |
| ചെലവ് | 148209675 |
| നീക്കിയിരിപ്പ് | 13006733 |

### 1-4 സർക്കാർ ഗ്രാന്റ് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 43157000 | 43157000 | 42079407 | 1077593 |
| പ്ലാൻ (SCP) | 0 | 11561000 | 11561000 | 11397865 | 163135 |
| പ്ലാൻ (TSP) | 0 | 12289000 | 12289000 | 11943074 | 345926 |
| CFC (Untied ) | 0 | 7997260 | 7997260 | 10232055 | -2234795 |

| | | | | | |
|---|---|---|---|---|---|
| CFC (TIED) | 0 | 13399570 | 13399570 | 13287099 | 112471 |
| റോഡിതരം (MG) | 0 | 11452000 | 11452000 | 11452000 | 0 |

## 1-4-1 ACR പ്രകാരമുള്ള ചെലവുകൾ RP-7 & RP31 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് ഇനം | ACR പ്രകാരമുള്ള ചെലവ് | RP-7 |
|---|---|---|
| പ്ലാൻ (ജനറൽ) | 42079407 | 39,737,600 |
| പ്ലാൻ (SCP) | 11397865 | 10,850,090 |
| പ്ലാൻ (TSP) | 11943074 | 11,395,217 |
| CFC (Untied ) | 10232055 | 69,58,000 |
| CFC (TIED) | 13287099 | 1,04,37,000 |

## 1-5 പദ്ധതി രൂപീകരണം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 163 | 210106760 | 127 | 130082542 | 36 | 77.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2023 ന് 12: 50 Pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1). ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ട സ്ട്രീറ്റ് ലൈറ്റ് പരിപാലനത്തിനുള്ള പ്രൊജക്ടുകൾ സർക്കാർ അനുമതിയില്ലാതെ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കി.

2) സോളാർ പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഏറ്റെടുക്കാൻ അനുവാദമില്ലാത്ത സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസി എന്ന് തെറ്റായി രേഖപ്പെടുത്തി പ്രവൃത്തി നടത്തിപ്പ് ഏല്പിച്ചു നൽകി.

3). ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4). ഡെപ്പോസിറ്റ്, അഡ്വാൻസ് വിവരങ്ങൾ ശരിയായി രജിസ്റ്ററുകളിൽ(ഡെപ്പോസിറ്റ്, അഡ്വാൻസ്) രേഖപ്പെടുത്തുന്നില്ല.

5). അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ് ബുക്കിൽ ട്രഷറി അക്കൌണ്ട്, ബാങ്ക് അക്കൌണ്ട് എന്നിവയിലെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നില്ല.ആയതിലെ വരവ് ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 മുതൽ 03.12.2022 വരെ | 2021-2022 | 30.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2017 മുതൽ 24.01.2017 വരെ | 2016 -2017 | 10.02.2017 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

**നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 99/16-ക്ഡ്നി വെൽഫെയൽ സൊസൈറ്റിക്ക് തുക | 2015-16 | കിഡ്നിവെൽഫെയർസൊസൈറ്റി,മലപ്പുറം | 100000 | പ്ലാൻ | U/ലഭിച്ചിട്ടില്ല | 100000 |
| 2 | സോഷ്യൽ സെക്യൂരിറ്റി മിഷന് തുക (134/17) | 2016-17 | സോഷ്യൽ സെക്യൂരിറ്റി മിഷൻ | 1000000 | പ്ലാൻ | U/ലഭിച്ചിട്ടില്ല | 1000000 |
| 3 | സി.എച്ച്.സി ചുങ്കത്തറ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. (150/18) | 2017-18 | കെ.എസ്.ഇ.ബി | 8,95,763 | | വിവരം ലഭ്യമല്ല | 8,95,763 |
| 4 | കോട്ടേപ്പാടം ഇറിഗേഷൻ പദ്ധതി. (123/18) | 2017-18 | കെ.എസ്.ഇ.ബി | 12,36,036 | | വിവരം ലഭ്യമല്ല | 12,36,036 |
| 5 | കോട്ടേപ്പാടം ഇറിഗേഷൻ പദ്ധതി. (123/18) | 2017-18 | റെയ്ഡ്കോ, നിലമ്പൂർ | 8,07,783 | | വിവരം ലഭ്യമല്ല | 8,07,783 |
| 6 | ചക്കുറ്റി മുണ്ടപ്പാടം ഇറിഗേഷൻ പദ്ധതി (122/18) | 2017-18 | കെ.എസ്.ഇ.ബി | 10,05,248 | | വിവരം ലഭ്യമല്ല | 10,05,248 |
| 7 | മാലിന്യ മുക്ത ചാലിയാർ (07/18) | 2017-18 | കെ.എസ്.ഇ.ബി | 8,10,000 | | വിവരം ലഭ്യമല്ല | 8,10,000 |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതാണ്. വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വ യറി നം:2/22-23/7.12.23

## 1-12 പ്ളാസ്റ്റിക്ക് ബെയ്ലിങ്ങ് മെഷീൻ സ്ഥാപിക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം:പേര് | 156/23-പ്ലാസ്റ്റിക്ക് ബെയ് ലിങ്ങ് മെഷീൻ സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 655044 (സി.എഫ്.സി) 370000(തനത്ഫണ്ട്) |

| | | | |
|---|---|---|---|
| ചെലവ് | 655044/- | ബിൽ നം: /തീ: | 358/22-23/28.3.23 |
| കോൺട്രാക്ട് | പ്രകൃതി ,ആലുവ | എഗ്രിമെന്റ് | 13/22-23/25.3.23 |
| ഇൻവോയ്സ് വിവരം | നം:99/28.3.2023 -778800 (18% GST ഉൾപ്പടെ) (660000+118800GST) | ബെയ് ലിങ് മെഷീൻ 25 ടൺ കപ്പാസിറ്റി 2 എണ്ണം | സ്ഥലം :എടക്കര ,മൂത്തേടം ഗ്രാമ പഞ്ചായത്ത് |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉള്ള മൂത്തേടം,എടക്കര ഗ്രാമ പഞ്ചായത്തുകളുടെ എം.സി.എഫ് ന് അനുബന്ധമായി പ്ലാസ്റ്റിക്ക് ബെയ് ലിങ് മെഷീൻ ടെൻണ്ടർ മുഖേന സ്ഥാപിക്കുന്നതിന് പ്രൊജക്ട് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രകൃതി,ആലുവ എന്ന ഏജൻസിയുടെ ടെൻണ്ടർ അംഗീകരിച്ചിട്ടുള്ളത്.

അപാകതകൾ

1.ബെയ് ലിങ് മെഷീൻ പഞ്ചായത്തുകളിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് അതാത് പഞ്ചായത്തുകളുടെ (എടക്കര ,മൂത്തേടം ) ശുപാർശ വിവരം ലഭ്യമാക്കിയിട്ടില്ല

2.നിർവ്വഹണ ഏജൻസിയുടെ പ്രവർത്തി പൂർത്തീകരണ വിവരം, ട്രയൽ റൺ നടത്തി പ്രവർത്തന ക്ഷമമാക്കിയതിന്റ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല

3.സ്ഥാപിച്ച ബെയ് ലിങ് മെഷീൻ ഗ്രാമ പഞ്ചായത്തിന് രേഖാമൂലം കൈമാറിയതിന്റ വിവരം ലഭ്യമാക്കിയിട്ടില്ല

4.ഇൻസ്റ്റലേഷൻ ആയതിനാൽ 1% IT(660000x1 =6600) ,1% W.F (66000 X 1% =6600)എന്നിവ ഈടാക്കിയതിന്റ വിവരം ലഭ്യമാക്കിയിട്ടില്ല

5.നിലവിൽ പദ്ധതി പ്രവർത്തന ക്ഷമമാണോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല

6.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

നിരീക്ഷണം

1.എടക്കര ഗ്രാമ പഞ്ചായത്തിന് അനുവദിച്ച മെഷീൻ നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

2.ത്രീഫേസ് കണക്ഷൻ ലഭ്യമാക്കിയിട്ടില്ല

3.മൂത്തേടം പഞ്ചായത്തിന് അനുവദിച്ച മെഷീൻ സ്ഥിരം എം.സി.എഫിൽ സ്ഥാപിച്ചിട്ടില്ല .(താൽകാലിക ഷെഡ്)

4.ത്രീഫേസ് കണക്ഷൻ ലഭ്യമാക്കിയിട്ടില്ല

5.ബ്ലോക്ക് പഞ്ചായത്ത് സാദ്ധ്യത പഠനം നടത്താതെ യാണ് പ്രൊജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയത്.

6.നിലവിൽ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:6/22-23/11.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.

## 1-13 എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ എസ്.റ്റി കോളനികളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് സ്ഥാപിക്കൽ ( 192/23 ) എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച ഈ പ്രൊജക്ട് അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തെ ബിഡ്ഡിംഗ് മുഖേന തെരഞ്ഞെടുത്താണ് നടപ്പാക്കിയത്.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| പ്രൊജക്ട് | 192/23 എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 1395000 ( TSP) |
| അക്രഡിറ്റഡ് ഏജൻസി | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം ( 7% സെന്റേജ് ) |
| കരാറുകാരൻ | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി (6 മീറ്റർ സോളാർ മിനമാസ്റ്റ് 4x24w ലൈറ്റ് -5എണ്ണം @220208/each+18%gst) |
| ചെലവ് | 1395000 ( ബിൽ നം 353/28.3.23-₹1365000, 386/31.3.23 -₹30000 )<br>ഇൻഡക്സ് ഇലക്ട്രോണിക്സ് -₹1299230(gstഉൾപ്പടെ ) UEIL-95770(gstഉൾപ്പടെ |

ബ്ലോക്ക് പഞ്ചായത്ത് തീരുമാനം 2(6)8.3.2023 പ്രകാരം താഴെപ്പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്

1.വൈലാശ്ശേരി എസ്.റ്റി കോളനി ,ചാലിയാർ ഗ്രാമ പഞ്ചായത്ത്
2.മുണ്ടപ്പാടം എസ്.റ്റി കോളനി ,ചുങ്കത്തറഗ്രാമ പഞ്ചായത്ത്
3.ഉച്ചക്കുളം എസ്.റ്റി കോളനി ,മൂത്തേടം ഗ്രാമ പഞ്ചായത്ത്
4.വട്ടപ്പാടംഎസ്.റ്റി കോളനി ,മൂത്തേടം ഗ്രാമ പഞ്ചായത്ത്
5.ചെമ്പ്ര എസ്.റ്റി കോളനി , പോത്തുകൽ ഗ്രാമ പഞ്ചായത്ത്

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പ്രൊജക്ട് ഏറ്റെടുത്ത് നടപ്പാക്കി.**

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം തെരുവ് വിളക്കുകൾ പരിപാലിക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ട ഒരു ചുമതല നിറവേറ്റുന്നതിനുള്ള പ്രൊജക്ട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സർക്കാറിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. ഈ പ്രൊജക്ട് നടപ്പാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി നേടിയിട്ടില്ല.

**2)സോളാർ എനർജി പോളിസിക്ക് വിരുദ്ധമായി പ്രവൃത്തി നടപ്പാക്കി.**

കേരള സർക്കാരിന്റെ സോളാർ എനർജി പോളിസ് പ്രകാരം ( GO(P) 49/2013/PD Dt 25.11.2013 ) സോളാർ പ്രൊജക്ടുകളുടെ കേരളത്തിലെ നോഡൽ ഏജൻസി അനർട്ട് ആണ്. സോളാർ പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ നോഡൽ ഏജൻസിയായ അനർട്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടായിരുന്നു പ്രൊജക്ട് നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ അനർട്ടുമായി ബന്ധപ്പെട്ടല്ലാതെ ബ്ലോക്ക് പഞ്ചായത്ത് സ്വന്തം നിലക്ക് പ്രവൃത്തി നടത്തുന്നതിന് സ്ഥാപനത്തെ തെരഞ്ഞെടുത്താണ് പ്രൊജക്ട് നടപ്പാക്കിയത്.

**3) സർക്കാർ ഉത്തരവിന് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തു.**

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച സർക്കാർ ഉത്തരവ് (പി)നം:104/2022/fin/2.9.2022 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിററഡ് എന്ന സ്ഥാപനത്തെ "PMC ആയി ഇലക്ട്രിക്കൽ പ്രവർത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികൾ ആയാണ് അംഗീകരിച്ചിട്ടുള്ളത്. ( ക്രമ നം:21 ). എന്നാൽ ഈ പ്രവൃത്തി സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണ്. സോളാർ പ്രവൃത്തി നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ലാത്ത സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്ത് പ്രവൃത്തി നടപ്പാക്കിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

**4) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി – സർക്കാർ ഉത്തരവ് പാലിച്ചില്ല.**

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.2021 ഉത്തരവിലെ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മേൽ പ്രവൃത്തി നടപ്പാക്കിയത്.

A) PMC ആയി അക്രഡിറ്റേഷൻ നേടിയ സ്ഥാപനം , സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പരസ്യം നൽകി സർക്കാറിന്റെ ഇ ടെണ്ടർ പ്ലാറ്റ്ഫോം മുഖേന ഐറ്റം റേറ്റ് കോൺട്രാക്ട് രീതിയിൽ ടെണ്ടർ ചെയ്താണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ പ്രവൃത്തി നടത്തിയ കോൺട്രാക്ടറായ ഇൻട്ടക്സ് ഇലക്ട്രിക്കൽസ് മഞ്ചേരി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് എങ്ങനെയാണ് എന്ന് വ്യക്തമല്ല.

B)അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്ററ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ( Para 8.2 ). എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നേടിയിട്ടില്ല.

C) PMC അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, അക്രഡിറ്റഡ് ഏജൻസി, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ തമ്മിൽ ട്രൈപാർട്ടേറ്റ് കരാർ ചമക്കേണ്ടതും കരാറിൽ ഓരോരുത്തരുടെയും ചുമതലകൾ വ്യക്തമാക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ചമച്ച കരാർ പരിശോധനക്ക് ലഭ്യമായിട്ടില്ല.

D) KPWD/ CPWD മാന്വൽ, പ്രസക്തമായ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പാലിച്ചാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. സാധനങ്ങളുടെ സംഭരണം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ കേരള സ്റ്റോർ പർച്ചേസ് മാന്വലിന് അനുസൃതമായിട്ടായിരിക്കണം സംഭരണം നടത്തേണ്ടത്. ( Para 12.1 & 14.1 ). എന്നാൽ മേൽ പ്രവൃത്തി നടത്തിയതിൽ PWD മാന്വൽ പ്രകാരമുള്ള എം ബുക്ക്, ബിൽ എന്നിവയൊന്നും തയ്യാറാക്കിയിട്ടില്ല. പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങൾ സംഭരിച്ചത് എങ്ങനെയാണ് എന്നും വ്യക്തമാക്കിയിട്ടില്ല.

**5) സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.**

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ തെരവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ അനുമതിയും തെരുവ് വിളക്കുകളുടെ തുടർ പരിപാലനം ഏറ്റെടുക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനവും ഫയലിൽ ലഭ്യമല്ല.

**6) പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടപ്പാക്കി.**

പ്രൊജക്ട് പ്രകാരം പ്രകാരം 6 Mtr Solar Minimast Light With 4x25w Led Floodlight ആയിരുന്നു സ്ഥാപിക്കേണ്ടത്. എന്നാൽ 6 Mtr Solar Minimast Light With 4x24w Led Floodlight എന്നാണ് ആണ് കോൺട്രാക്ടറായ Intex Electronics ,Manjeri യുടെ ബിൽ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

**7.നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയിട്ടില്ല.**

സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നത് ഒരു പ്രവൃത്തിയായതിനാൽ കരാർ പ്രവൃത്തികൾക്ക് ബാധകമായ നിരക്കിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കേണ്ടതായിരുന്ന പ്രവൃത്തിയിൽ ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:7/22-23/11.12.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രൊജക്ട് സർക്കാറിന്റെ മുൻകൂർഅനുമതി കൂടാതെ നടപ്പാക്കിയതിനാലും സോളാർപ്രൊജക്ട് സർക്കാർ ഉത്തരവുകൾ പാലിക്കാതെ ഏറ്റെടുത്ത് നടപ്പാക്കിയതിലെ അപാകതകൾ കാരണവും പ്രൊജക്ടിന് ചെലവഴിച്ച ₹ 1395000 തടസ്സം ചെയ്യുന്നു. പ്രൊജക്ട് നടത്തിപ്പിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ച് അപാകതകൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 എസ്.സി കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 80/23-സൂര്യ തേജസ്സ് - എസ്.സി കോളനി ക ളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച ഈ പ്രൊജക്ട് അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡ്സ്ട്രസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തെ ബിഡ്ഡിംഗ് മുഖേന തെരഞ്ഞെടുത്താണ് നടപ്പാക്കിയത്.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| പ്രൊജക്ട് | 80/23-സൂര്യ തേജസ്സ് -എസ്.സി കോളനി ക ളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 1978200(എസ്.സി.പി) |
| അക്രഡിറ്റഡ് ഏജൻസി | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡ്സ്ട്രസ് ലിമിറ്റഡ്, കൊല്ലം ( 7% സെന്റേജ് )<br>കരാർ - 3/2023/3.10.2022 |
| കരാറുകാരൻ | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി,6MTR Minimast 90w Light 2nos Led Light -20nos |
| ചെലവ് | 1978200( ബിൽ 136/30.12.22-990000, 205/14.2.23-778200, 354/28.3.23-210000 )<br>ഇൻഡക്സ്-1827131(gstഉൾപ്പടെ) , UEIL -151069(GST ഉൾപ്പടെ) |

ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു

| കരാറുകാരന്റെ ഇൻവോയ്സ് നം | തുക | കുറിപ്പ് |
|---|---|---|
| 21/ 26.12.22- 6MTR Minimast 90w Light 2nos Led Light 10nos @ 77497+18%gst - | 914465 (774970 +139495 Gst) | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 75535 യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ - 990000/- |
| 30/ 27.1.236MTR Minimast 90w Light 2nos Led Light 8nos @ 77497+18%gst | ₹ 731572 (619976 +111596 Gst) | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 60428 ( 51210+ GST) യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ - 792000/- |

| | | |
|---|---|---|
| 57/25.3.23 6MTR Minimast 90w Light 2nos Led Light 2nos @ 77497+18%gst - | 182893 (154994 +27899gst) | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്. സെന്റേജ്ചാർജ്ജ് ₹ 15107 (10200+GST) യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ - 210000/- |

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പ്രൊജക്ട് ഏറ്റെടുത്ത് നടപ്പാക്കി.**

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം തെരുവ് വിളക്കുകൾ പരിപാലിക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ട ഒരു ചുമതല നിറവേറ്റുന്നതിനുള്ള പ്രൊജക്ട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത്നടപ്പാക്കുന്നതിന് സർക്കാറിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. ഈ പ്രൊജക്ട് നടപ്പാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി നേടിയിട്ടില്ല.

**2) സർക്കാർ ഉത്തരവിന് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തു.**

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച സർക്കാർ ഉത്തരവ് (പി)നം:104/2022/fin/2.9.2022 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിററഡ് എന്ന സ്ഥാപനത്തെ “PMC ആയി ഇലക്ട്രിക്കൽ പ്രവർത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികൾ ആയാണ് അംഗീകരിച്ചിട്ടുള്ളത്. ( ക്രമ നം:21 ). എന്നാൽ ഈ പ്രവൃത്തി മിനിമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണ്. മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്നത് ഇലക്ട്രിക്കൽ പ്രവൃത്തി മാത്രമല്ല. അതിനാൽത്തന്നെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രത്യേകമായി അംഗീകരിച്ച് നൽകുകയാണ് ചെയ്യുന്നത്. ( ഉദാ- KEL - GO(RT) 99/2019/LSGD Dt 18.01.2019 )

തെരുവ് വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തി നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ലാത്ത സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്ത് പ്രവൃത്തി നടപ്പാക്കിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

**3) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ ഉത്തരവ് പാലിച്ചില്ല.**

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.2021 ഉത്തരവിലെ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മേൽ പ്രവൃത്തി നടപ്പാക്കിയത്.

A) PMC ആയി അക്രഡിറ്റേഷൻ നേടിയ സ്ഥാപനം , സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പരസ്യം നൽകി സർക്കാറിന്റെ ഇ ടെണ്ടർ പ്ലാറ്റ്ഫോം മുഖേന ഐറ്റം റേറ്റ് കോൺട്രാക്ട് രീതിയിൽ ടെണ്ടർ ചെയ്താണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ പ്രവൃത്തി നടത്തിയ കോൺട്രാക്ടറായ ഇന്റക്സ് ഇലക്ട്രിക്കൽസ് മഞ്ചേരി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് എങ്ങനെയാണ് എന്ന് വ്യക്തമല്ല.
B)അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്ററ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ( Para 8.2 ). എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നേടിയിട്ടില്ല.
C) PMC അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, അക്രഡിറ്റഡ് ഏജൻസി, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ തമ്മിൽ ട്രൈപാർട്ടേറ്റ് കരാർ ചമക്കേണ്ടതും കരാറിൽ ഓരോരുത്തരുടെയും ചുമതലകൾ വ്യക്തമാക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ചമച്ച കരാർ പരിശോധനക്ക് ലഭ്യമായിട്ടില്ല.
D) KPWD/ CPWD മാന്വൽ, പ്രസക്തമായ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പാലിച്ചാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. സാധനങ്ങളുടെ സംഭരണം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ കേരള സ്റ്റോർ പർച്ചേസ് മാന്വലിന് അനുസൃതമായിട്ടായിരിക്കണം സംഭരണം നടത്തേണ്ടത്. ( Para 12.1 & 14.1 ). എന്നാൽ മേൽ പ്രവൃത്തി നടത്തിയതിൽ PWD മാന്വൽ പ്രകാരമുള്ള എം ബുക്ക്, ബിൽ എന്നിവയൊന്നും തയ്യാറാക്കിയിട്ടില്ല. പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങൾ സംഭരിച്ചത് എങ്ങനെയാണ് എന്നും വ്യക്തമാക്കിയിട്ടില്ല.

**5) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.**

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ അനുമതിയും തെരുവ് വിളക്കുകളുടെ തുടർ പരിപാലനം ഏറ്റെടുക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനവും ഫയലിൽ ലഭ്യമല്ല.

**6) തെരവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ച വിവരം ലഭ്യമല്ല.**

തെരുവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ( കൺസ്യൂമർ നമ്പർ സഹിതം ). തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ തീരുമാനവും ഫയലിൽ ലഭ്യമല്ല.

**7. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല.**

മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നത് ഒരു പ്രവൃത്തിയായതിനാൽ കരാർ പ്രവൃത്തികൾക്ക് ബാധകമായ നിരക്കിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കേണ്ടതായിരുന്ന പ്രവൃത്തിയിൽ ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:8/22-23/12.12.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രൊജക്ട് സർക്കാറിന്റെ മുൻകൂർഅനുമതി കൂടാതെ നടപ്പാക്കിയതിനാലും തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിമുഖേന സർക്കാർ ഉത്തരവുകൾ പാലിക്കാതെ ഏറ്റെടുത്ത് നടപ്പാക്കിയതിലെ അപാകതകൾ കാരണവും പ്രൊജക്ടിന് ചെലവഴിച്ച ₹ 1978200 തടസ്സം ചെയ്യുന്നു. പ്രൊജക്ട് നടത്തിപ്പിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ച് അപാകതകൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 എസ്.ടി കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 81/23-സൂര്യ തേജസ്സ് എസ്.ടി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച ഈ പ്രൊജക്ട് അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തെ ബിഡ്ഡിംഗ് മുഖേന തെരഞ്ഞെടുത്താണ് നടപ്പാക്കിയത്.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| പ്രൊജക്ട് | 81/23-സൂര്യ തേജസ്സ് എസ്.ടി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 2864358(ടി.എസ്.പി) |
| അക്രഡിറ്റഡ് ഏജൻസി | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം ( 7% സെന്റേജ് )<br>കരാർ - 4/2023/9.10.2022 |
| കരാറുകാരൻ | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി,6MTR Minimast 90w Light 2nos Led Light -28nos |
| ചെലവ് | 2771998/-( 137/30.12.22-891000, 208/14.2.23-1880998 )<br>ഇൻഡക്സ്-2560499(gstഉൾപ്പടെ), UEIL-211499 (GST ഉൾപ്പടെ) |

ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു

| കരാറുകാരന്റെ ഇൻവോയ്സ് നം | തുക | കുറിപ്പ് |
|---|---|---|
| 20/ 26.12.22- 6MTR Minimast 90w Light 2nos Led Light 9 Nos @ 77497+18%gst - | 823019 (697473 +125546 Gst) | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 67981 (57611+ Gst) യുനൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ - 891000/- |
| 31/ 27.1.236MTR Minimast 90w Light 2nos Led Light 9nos @ 77497+18%gst | 823018 (697473 +125545 Gst) | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 67981 (57611+ Gst) യുനൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ - 891000/- |
| 32/27.1.23 6MTR Minimast 90w Light 2nos Led Light 10nos @ 77497+18%gst - | 914465 (774970+ 139495 Gst) | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 75535 (64013+ Gst) യുനൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ - 990000/- |

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രൊജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കി.**

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം തെരുവ് വിളക്കുകൾ പരിപാലിക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ട ഒരു ചുമതല നിറവേറ്റുന്നതിനുള്ള പ്രൊജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത്നടപ്പാക്കുന്നതിന് സർക്കാറിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. ഈ പ്രൊജക്റ്റ് നടപ്പാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി നേടിയിട്ടില്ല.

**2) സർക്കാർ ഉത്തരവിന് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തു.**

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച സർക്കാർ ഉത്തരവ് (പി)നം:104/2022/fin/2.9.2022 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിററഡ് എന്ന സ്ഥാപനത്തെ "PMC ആയി ഇലക്ട്രിക്കൽ പ്രവർത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികൾ ആയാണ് അംഗീകരിച്ചിട്ടുള്ളത്. ( ക്രമ നം:21 ). എന്നാൽ ഈ പ്രവൃത്തി മിനിമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണ്. മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്നത് ഇലക്ട്രിക്കൽ പ്രവൃത്തി മാത്രമല്ല. അതിനാൽത്തന്നെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രത്യേകമായി അംഗീകരിച്ച് നൽകുകയാണ് ചെയ്യുന്നത്. ( ഉദാ- KEL - GO(RT) 99/2019/LSGD Dt 18.01.2019 )

തെരുവ് വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തി നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ലാത്ത സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്ത് പ്രവൃത്തി നടപ്പാക്കിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

**3) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി – സർക്കാർ ഉത്തരവ് പാലിച്ചില്ല.**

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.2021 ഉത്തരവിലെ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മേൽ പ്രവൃത്തി നടപ്പാക്കിയത്.

A) PMC ആയി അക്രഡിറ്റേഷൻ നേടിയ സ്ഥാപനം , സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പരസ്യം നൽകി സർക്കാറിന്റെ ഇ ടെണ്ടർ പ്ലാറ്റ്ഫോം മുഖേന ഐറ്റം റേറ്റ് കോൺട്രാക്റ്റ് രീതിയിൽ ടെണ്ടർ ചെയ്താണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ പ്രവൃത്തി നടത്തിയ കോൺട്രാക്ടറായ ഇന്റക്സ് ഇലക്ട്രിക്കൽസ് മഞ്ചേരി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് എങ്ങനെയാണ് എന്ന് വ്യക്തമല്ല.

B)അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്ററ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ( Para 8.2 ). എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നേടിയിട്ടില്ല.

C) PMC അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, അക്രഡിറ്റഡ് ഏജൻസി, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ തമ്മിൽ ട്രൈപാർട്ടേറ്റ് കരാർ ചമക്കേണ്ടതും കരാറിൽ ഓരോരുത്തരുടെയും ചുമതലകൾ വ്യക്തമാക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ചമച്ച കരാർ പരിശോധനക്ക് ലഭ്യമായിട്ടില്ല.

D) KPWD/ CPWD മാന്വൽ, പ്രസക്തമായ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പാലിച്ചാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. സാധനങ്ങളുടെ സംഭരണം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ കേരള സ്റ്റോർ പർച്ചേസ് മാന്വലിന് അനുസൃതമായിട്ടായിരിക്കണം സംഭരണം നടത്തേണ്ടത്. ( Para 12.1 & 14.1 ). എന്നാൽ മേൽ പ്രവൃത്തി നടത്തിയതിൽ PWD മാന്വൽ പ്രകാരമുള്ള എം ബുക്ക്, ബിൽ എന്നിവയൊന്നും തയ്യാറാക്കിയിട്ടില്ല. പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങൾ സംഭരിച്ചത് എങ്ങനെയാണ് എന്നും വ്യക്തമാക്കിയിട്ടില്ല.

**5) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.**

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ അനുമതിയും തെരുവ് വിളക്കുകളുടെ തുടർ പരിപാലനം ഏറ്റെടുക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനവും ഫയലിൽ ലഭ്യമല്ല.

**6) തെരവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ച വിവരം ലഭ്യമല്ല.**

തെരുവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ( കൺസ്യൂമർ നമ്പർ സഹിതം ). തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ തീരുമാനവും ഫയലിൽ ലഭ്യമല്ല.

**7. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല.**

മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നത് ഒരു പ്രവൃത്തിയായതിനാൽ കരാർ പ്രവൃത്തികൾക്ക് ബാധകമായ നിരക്കിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കേണ്ടതായിരുന്ന പ്രവൃത്തിയിൽ ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:8/22-23/12.12.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രൊജക്റ്റ് സർക്കാറിന്റെ മുൻകൂർഅനുമതി കൂടാതെ

നടപ്പാക്കിയതിനാലും തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിമുഖേന സർക്കാർ ഉത്തരവുകൾ പാലിക്കാതെ ഏറ്റെടുത്ത് നടപ്പാക്കിയതിലെ അപാകതകൾ കാരണവും പ്രൊജക്ടിന് ചെലവഴിച്ച ₹ 2771998 തടസ്സം ചെയ്യുന്നു. പ്രൊജക്ട് നടത്തിപ്പിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ച് അപാകതകൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സംഒഴിവാക്കേണ്ടതാണ്.

## 1-16 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 79/23-സൂര്യ തേജസ്സ് ക്ലീൻ ഗ്രീൻ നിലമ്പൂർ മാലിന്യമുക്ത ചാലിയാർ എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച ഈ പ്രൊജക്ട് അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തെ ബിഡ്ഡിംഗ് മുഖേന തെരഞ്ഞെടുത്താണ് നടപ്പാക്കിയത്.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| പ്രൊജക്ട് | 79/23-സൂര്യ തേജസ്സ് ക്ലീൻ ഗ്രീൻ നിലമ്പൂർ മാലിന്യമുക്ത ചാലിയാർ |
| അടങ്കൽ | 3826000(ജനറൽ) |
| അക്രഡിറ്റഡ് ഏജൻസി | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം ( 7% സെന്റേജ് )<br>കരാർ - 5/2023/9.11.2022 |
| കരാറുകാരൻ | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി, |
| ചെലവ് | 3639958/- ( ബിൽ നം 144/31.12.22-900000, 143/31.12.22-594000, 201/14.2.23-454398, 232/22.2.23-540000, 233/22.2.23-495001, 387/31.3.23-656559 )<br>ഇൻഡക്സ് ഇലക്ട്രോണിക്സ് -2756022 (Gstഉൾപ്പടെ) UEIL-227376(gst ഉൾപ്പടെ ) |

ചെലവിന്റെ വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | കരാറുകാരന്റെ ഇൻവോയ്സ് നം | തുക | കുറിപ്പ് |
|---|---|---|---|
| 1 | 22/26.12.22 - 6MTR Minimast 90w Light 2nos Led Light - 6nos @ 77497+18%gst- | 548979 (464982 +83697 Gst) | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 45321 (38408+ Gst) യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ -594000/- |
| 2 | 29/27.1.23 -6MTR Minimast 90w Light 2nos Led Light 5nos @ 77497+18%gst - | 457233 (387485 +69748gst) | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 37768 (32007+ Gst) യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ -495000/- |
| 3 | 19/26.12.22 - 8MTR Minimast 120w Light 4nos Led Light 5nos @ 140903+18%gst - | 831332 (704518 +126814gst) | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 68668 (58193+ Gst) യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ -900000/- |
| 4 | 28/27.1.23- 8MTR Minimast 120w Light 4nos Led Light | 498799 (422711 | ഇൻഡക്സ് ഇലക്ട്രോണിക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്. |

| | | | |
|---|---|---|---|
| | 3nos @ 140903+18%gst - | +76088gst) | സെന്റേജ്ചാർജ്ജ് ₹ 41201(34916+ Gst) യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ - 540000/- |
| 5 | 33/27.1.23 - 90w Light Led Light 40nos @ 7013+18%gst - | 331054(280554 +50500gst) | ഇൻഡക്സ് ഇലക്ട്രോണിക്ക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 27345 (23174+ Gst) യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ - 358399/- |
| 6 | 34/27.1.23- 25w Light Led Light 30nos @ 2504+18%gst - | 88675 (75149 +13526gst) | ഇൻഡക്സ് ഇലക്ട്രോണിക്ക്സ് ,മഞ്ചേരി യുടെ ഇൻവോയ്സ്.<br>സെന്റേജ്ചാർജ്ജ് ₹ 7324 (6207 + Gst) യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയതുൾപ്പെടെ ആകെ - 95999/- |
| | | ആകെ | 2983398 |

പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പ്രൊജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കി.**

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം തെരുവ് വിളക്കുകൾ പരിപാലിക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ട ഒരു ചുമതല നിറവേറ്റുന്നതിനുള്ള പ്രൊജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത്നടപ്പാക്കുന്നതിന് സർക്കാറിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. ഈ പ്രൊജക്റ്റ് നടപ്പാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി നേടിയിട്ടില്ല.

**2) സർക്കാർ ഉത്തരവിന് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തു.**

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച സർക്കാർ ഉത്തരവ് (പി)നം:104/2022/fin/2.9.2022 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിററഡ് എന്ന സ്ഥാപനത്തെ "PMC ആയി ഇലക്ട്രിക്കൽ പ്രവർത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികൾ ആയാണ് അംഗീകരിച്ചിട്ടുള്ളത്. ( ക്രമ നം:21 ). എന്നാൽ ഈ പ്രവൃത്തി മിനിമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണ്. മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്നത് ഇലക്ട്രിക്കൽ പ്രവൃത്തി മാത്രമല്ല. അതിനാൽത്തന്നെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രത്യേകമായി അംഗീകരിച്ച് നൽകുകയാണ് ചെയ്യുന്നത്. ( ഉദാ- KEL - GO(RT) 99/2019/LSGD Dt 18.01.2019 )

തെരുവ് വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തി നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ലാത്ത സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്ത് പ്രവൃത്തി നടപ്പാക്കിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

**3) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ ഉത്തരവ് പാലിച്ചില്ല.**

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.2021 ഉത്തരവിലെ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മേൽ പ്രവൃത്തി നടപ്പാക്കിയത്.

A) PMC ആയി അക്രഡിറ്റേഷൻ നേടിയ സ്ഥാപനം , സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പരസ്യം നൽകി സർക്കാറിന്റെ ഇ ടെണ്ടർ പ്ലാറ്റ്ഫോം മുഖേന ഐറ്റം റേറ്റ് കോൺട്രാക്റ്റ് രീതിയിൽ ടെണ്ടർ ചെയ്താണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ പ്രവൃത്തി നടത്തിയ കോൺട്രാക്ടറായ ഇന്റക്സ് ഇലക്ട്രിക്കൽസ് മഞ്ചേരി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് എങ്ങനെയാണ് എന്ന് വ്യക്തമല്ല.

B)അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്ററ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ( Para 8.2 ). എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നേടിയിട്ടില്ല.

C) PMC അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, അക്രഡിറ്റഡ് ഏജൻസി, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ തമ്മിൽ ട്രൈപാർട്ടേറ്റ് കരാർ ചമക്കേണ്ടതും കരാറിൽ ഓരോരുത്തരുടെയും ചുമതലകൾ വ്യക്തമാക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ചമച്ച കരാർ പരിശോധനക്ക് ലഭ്യമായിട്ടില്ല.

D) KPWD/ CPWD മാന്വൽ, പ്രസക്തമായ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പാലിച്ചാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. സാധനങ്ങളുടെ സംഭരണം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ കേരള സ്റ്റോർ പർച്ചേസ്

മാന്വലിന് അനുസൃതമായിട്ടായിരിക്കണം സംഭരണം നടത്തേണ്ടത്. ( Para 12.1 & 14.1 ). എന്നാൽ മേൽ പ്രവൃത്തി നടത്തിയതിൽ PWD മാനുവൽ പ്രകാരമുള്ള എം ബുക്ക്, ബിൽ എന്നിവയൊന്നും തയ്യാറാക്കിയിട്ടില്ല. പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങൾ സംഭരിച്ചത് എങ്ങനെയാണ് എന്നും വ്യക്തമാക്കിയിട്ടില്ല.

**5) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.**

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപികുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ അനുമതിയും തെരുവ് വിളക്കുകളുടെ തുടർ പരിപാലനം ഏറ്റെടുക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനവും ഫയലിൽ ലഭ്യമല്ല.

**6) ചെലവ് രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല.**

പ്രൊജക്ട് പ്രകാരം 3639958/-രൂപയാണ് ചെലവ് എന്നാൽ 2983398/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്.

ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം ₹454398 ക്ക് LED ലൈറ്റുകൾ വിതരണം ചെയ്തതായാണ് കാണിച്ചിട്ടുള്ളത്. ( ക്രമ നം 5,6 ). മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന ബില്ലിൽ അതിനുള്ള ലൈറ്റുകൾക്കുള്ള തുക കൂടി വകയിരുത്തുകയും അതിനനുസരിച്ച് പണം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽത്തന്നെ ക്രമ നം 5,6 ിൻവോയ്സുകൾപ്രകാരം വാങ്ങിയ LED ലൈറ്റുകൾ എന്താവശ്യത്തിനാണ് ഉപയോഗിച്ചത് എന്ന് വ്യക്തമല്ല.

**7) തെരവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ച വിവരം ലഭ്യമല്ല.**

തെരുവ് വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ( കൺസ്യൂമർ നമ്പർ സഹിതം ). തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ തീരുമാനവും ഫയലിൽ ലഭ്യമല്ല.

**8). നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല.**

മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നത് ഒരു പ്രവൃത്തിയായതിനാൽ കരാർ പ്രവൃത്തികൾക്ക് ബാധകമായ നിരക്കിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കേണ്ടതായിരുന്ന പ്രവൃത്തിയിൽ ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല.

ഇു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:8/22-23/12.12.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രൊജക്ട് സർക്കാറിന്റെ മുൻകൂർഅനുമതി കൂടാതെ നടപ്പാക്കിയതിനാലും തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിമുഖേന സർക്കാർ ഉത്തരവുകൾ പാലിക്കാതെ ഏറ്റെടുത്ത് നടപ്പാക്കിയതിലെ അപാകതകൾ കാരണവും, ചെലവ് രേഖകളിലെ അവ്യക്തതകൾ മൂലവും പ്രൊജക്ടിന് ചെലവഴിച്ച ₹ 3639958 തടസ്സം ചെയ്യുന്നു. പ്രൊജക്ട് നടത്തിപ്പിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ച് അപാകതകൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ഡെപ്പോസിറ്റ് /മുൻകൂർ നൽകൽ വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

താഴെ കൊടുത്ത ഡപ്പോസിറ്റ് പ്രവർത്തികളുടെ(MGNREGS ജില്ലാ മിഷൻ,മലപ്പുറത്തിന് നൽകിയത് ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നം:/പേര് | അടങ്കൽ | ചെലവ് | ബിൽനം/തീ | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|
| 1.84/23-അംഗനവാടി നിർമ്മാണം വിഹിതം നൽകൽ | 2409008 (ജനറൽ) | 2409000 | 244/27.2.23-225000 | പോത്തുങ്കൽ ഗ്രാമ പഞ്ചായത്ത് |
| | | | 266/15.3.23-900000 | എടക്കര ഗ്രാമ പഞ്ചായത്ത്-225000 വഴിക്കടവ് ഗ്രാമ പഞ്ചായത്ത് 675000 |
| | | | 268/15.3.23-900000 | ചുങ്കത്തറ ഗ്രാമ പഞ്ചായത്ത്-675000 മൂത്തേടം ഗ്രാമ പഞ്ചായത്ത് |

| | | |
|---|---|---|
| | | 225000 |
| | 390/31.3.23-384000 | എടക്കര ഗ്രാമ പഞ്ചായത്ത്- 192000<br>പോത്തുകൽ ഗ്രാമ പഞ്ചായത്ത് 192000 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (9/22-23/11.12.23 )മറുപടി ലഭ്യമാക്കിയിട്ടില്ല .വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു

## 1-18 ബ്ലോക്ക് ഓഫീസിൽ സോളാർ സ്ഥാപിക്കൽ - നാല് ലക്ഷം രൂപയിലധികം നഷ്ടം

ബി.ഡി.ഒ ഓഫീസിൽ ഓഫീസിൽ ഓൺ ഗ്രിഡ് സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 20/23-ബ്ലോക്ക് ഡവലപ്മൻറ് ഓഫീസിൽ സോളാർ സ്ഥാപിക്കൽ എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച ഈ പ്രൊജക്ട് അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തെ ബിഡ്ഡിംഗ് മുഖേന തെരഞ്ഞെടുത്താണ് നടപ്പാക്കിയത്.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| പ്രൊജക്ട് | 20/23-ബ്ലോക്ക് ഡവലപ്മൻറ് ഓഫീസിൽ സോളാർ സ്ഥാപിക്കൽ |
| അടങ്കൽ | MG(NR) : ₹10,00,000 |
| അക്രഡിറ്റഡ് ഏജൻസി | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രസ് ലിമിറ്റഡ്, കൊല്ലം ( 7% സെന്റേജ് )<br>കരാർ - 5/2022-2023/ 12.04.2022 |
| കരാറുകാരൻ | ഇൻഡക്സ് ഇലക്ട്രോണിക്ക്സ് ,മഞ്ചേരി, |
| ചെലവ് | ₹9,80,000 ( ബിൽ നം 21/28.6.22)<br>ഇൻഡക്സ് ഇലക്ട്രോണിക്സ് : ₹9,48,248 (Gstഉൾപ്പടെ), UEIL: ₹31,752 (GST ഉൾപ്പടെ |

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രൊജക്ട് നടപ്പാക്കി - 4 ലക്ഷത്തിലധികം നഷ്ടം**

കേരളത്തിൽ സോളാർ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സർക്കാർ തെരഞ്ഞെടുത്തത് അനർട്ടിനെയാണ്. സർക്കാർ സ്ഥാപനങ്ങളിൽ സോളാർ പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് അനർട്ട് മുഖേനയായിരിക്കണം എന്ന് സർക്കാറിന്റെ സോളാർ പോളിസിയിൽ വ്യക്തമാക്കിയതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ട് അനർട്ടിന്റെ സാങ്കേതിക നിർദ്ദേശത്തിലല്ലാതെ സോളാർ പ്രൊജക്ട് നടപ്പാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയല്ലാത്ത യുനൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം മുഖേനയാണ് നടപ്പാക്കിയത്. ഈ പ്രൊജക്ട് പ്രകാരം 5 KW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് 9,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അനർട്ട് മുഖേന 7KW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഇതേ സാമ്പത്തിക വർഷത്തിൽ ₹5,61,000 മാത്രമാണ് ചെലവ് വന്നത്. ( മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിൽ അനർട്ട് മുഖേന നടപ്പാക്കിയ 7KW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, അനർട്ടിന്റെ ഇൻവോയ്സ് നം04/GEN/ANERT /MLPM /2022-23 Dt 08.12.2022 )

ഭരണ ഭാഷ-മാതൃഭാഷ
**അനെർട്ട്**
**Agency for New and Renewable Energy Research and Technology**
നവീനവും പുനരുപയോഗ യോഗ്യവുമായ ഊർജ്ജ ഗവേഷണങ്ങൾക്കും സാങ്കേതിക വിദ്യകൾക്കുമുള്ള ഏജൻസി
(ഊർജ്ജ വകുപ്പ്, കേരള സർക്കാർ)
മലപ്പുറം, ജില്ലാ ഓഫീസ്

No: 04/GEN/ANERT/MLPM/2022-23 Date: 08/12/2022

To

The Secretary
Areecode Grama Panchayath,
Malappuaram

**INVOICE / DEMAND NOTE**

Ref: 1. That Office Letter No. 96/22 dated 26-07-2022
2. Site Survey Report from this Office dated 03-08-2022

Kind attention is invited to the references. As per reference cited, your office has agreed upon the proposal for installation of solar power plant through the Deposit Scheme of ANERT. Hence this Invoice / Demand Note is issued;

| S/N | Description | Capacity | Amount *(Rs.)* |
|---|---|---|---|
| 1 | Estimate for the Supply, Installation Solar Photovoltaic Power Plant (**On-Grid Solar Power Plant**) | 7 kW | 4,62,000/- |
| 2 | KSEBL feasibility and registration fees, etc | LSM | 8,000/- |
| 4 | Additional expense for Ladder,AC cabling | LSM | 25,000/- |
| 5 | Other expenses | LSM | 15,000/- |
| 6 | ANERT Administrative Expense (10 % of total cost) | 7kW | 51,000 |
| **7** | **Total Amount** | **7 kW** | **5,61,000/-** |
| Rupees :Five Lakh Sixty One Thousand Only(In Words) | | | |

Kindly release the payment as RTGS to **SBI Account No. 67143149394, Malappuram Branch, IFSC Code: SBIN0070507** or as Demand Draft in favor of District Engineer, ANERT Malappuram.

Yours faithfully,

DISTRICT ENGINEER
ANERT, MALAPPURAM

**ANERT District Office - Malappuram, Building No.22/95, Opp. of DPO Office, Uphill, Malappuram – 676 505**
**Phone: 9188 119410, e-mail: malappuram@anert.in**

Page **7** of **7**

അനർട്ട് മുഖേന 7 KW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായതിനെക്കാൾ 4,19,000 രൂപ (9,80,000-5,61,000) 5 KW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സോളാർ പ്രവൃത്തി നടപ്പാക്കിയതാണ് ബ്ലോക്ക് പഞ്ചായത്തിന് വൻ തുക അധികച്ചെലവ് വരുന്നതിന് കാരണമായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ മേൽ പരാമർശിക്കപ്പെട്ട പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ബ്ലോക്ക് ഫണ്ടിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**2) സോളാർ എനർജി പോളിസിക്ക് വിരുദ്ധമായി പ്രവൃത്തി നടപ്പാക്കി.**

കേരള സർക്കാരിന്റെ സോളാർ എനർജി പോളിസ് പ്രകാരം ( GO(P) 49/2013/PD Dt 25.11.2013 ) സോളാർ പ്രൊജക്ടുകളുടെ കേരളത്തിലെ നോഡൽ ഏജൻസി അനർട്ട് ആണ്. സോളാർ പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ നോഡൽ ഏജൻസിയായ അനർട്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായായിരുന്നു പ്രൊജക്ട് നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ അനർട്ടുമായി ബന്ധപ്പെട്ടല്ലാതെ ബ്ലോക്ക് പഞ്ചായത്ത് സ്വന്തം നിലക്ക് പ്രവൃത്തി നടത്തുന്നതിന് സ്ഥാപനത്തെ തെരഞ്ഞെടുത്താണ് പ്രൊജക്ട് നടപ്പാക്കിയത്.

**3) സർക്കാർ ഉത്തരവിന് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തു.**

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച സർക്കാർ ഉത്തരവ് (പി)നം:104/2022/fin/2.9.2022 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിററഡ് എന്ന സ്ഥാപനത്തെ “PMC ആയി ഇലക്ട്രിക്കൽ പ്രവർത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികൾ ആയാണ് അംഗീകരിച്ചിട്ടുള്ളത്. ( ക്രമ നം:21 ). എന്നാൽ ഈ പ്രവൃത്തി ഓൺഗ്രിഡ് സോളാർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണ്. മേൽ സ്ഥാപനത്തെ സോളാർ പ്രവൃത്തി നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടില്ല. സോളാർ പ്രവൃത്തി നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ലാത്ത സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്ത് പ്രവൃത്തി നടപ്പാക്കിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

**4) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി – സർക്കാർ ഉത്തരവ് പാലിച്ചില്ല.**

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.2021 ഉത്തരവിലെ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മേൽ പ്രവൃത്തി നടപ്പാക്കിയത്.

A) PMC ആയി അക്രഡിറ്റേഷൻ നേടിയ സ്ഥാപനം , സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പരസ്യം നൽകി സർക്കാറിന്റെ ഇ ടെണ്ടർ പ്ലാറ്റ്ഫോം മുഖേന ഐറ്റം റേറ്റ് കോൺട്രാക്ട് രീതിയിൽ ടെണ്ടർ ചെയ്താണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ പ്രവൃത്തി നടത്തിയ കോൺട്രാക്ടറായ ഇൻട്ക്സ് ഇലക്ട്രിക്കൽസ് മഞ്ചേരി എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് എങ്ങനെയാണ് എന്ന് വ്യക്തമല്ല.

B)അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ്

സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ( Para 8.2 ). എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നേടിയിട്ടില്ല.

C) PMC അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, അക്രഡിറ്റഡ് ഏജൻസി, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ തമ്മിൽ ട്രൈപാർട്ടേറ്റ് കരാർ ചമക്കേണ്ടതും കരാറിൽ ഓരോരുത്തരുടെയും ചുമതലകൾ വ്യക്തമാക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ചമച്ച കരാർ പരിശോധനക്ക് ലഭ്യമായിട്ടില്ല.

D) KPWD/ CPWD മാന്വൽ, പ്രസക്തമായ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പാലിച്ചാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. സാധനങ്ങളുടെ സംഭരണം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ കേരള സ്റ്റോർ പർച്ചേസ് മാന്വലിന് അനുസൃതമായിട്ടായിരിക്കണം സംഭരണം നടത്തേണ്ടത്. ( Para 12.1 & 14.1 ). എന്നാൽ മേൽ പ്രവൃത്തി നടത്തിയതിൽ PWD മാന്വൽ പ്രകാരമുള്ള എം ബുക്ക്, ബിൽ എന്നിവയൊന്നും തയ്യാറാക്കിയിട്ടില്ല. പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങൾ സംഭരിച്ചത് എങ്ങനെയാണ് എന്നും വ്യക്തമാക്കിയിട്ടില്ല.

**5) സോളാർ പ്ലാന്റിന്റെ സ്പെസിഫിക്കേഷൻ ലഭ്യമല്ല.**

യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലഭ്യമാക്കിയ സ്പെസിഫിക്കേഷൻ പ്രകാരം പ്രകാരം 5Kw ശൃഖല ബന്ധിത സൗരോർജ്ജ നിലയം എന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ കരാറുകാരായ Intex Electronics ,Manjeri യുടെ ഇൻവോയ്സിൽ ഏത് സ്പെസിഫിക്കേഷനിലുള്ള പ്രവൃത്തിയാണ് നടത്തിയത് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

**6) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയിട്ടില്ല.**

സോളാർ പ്ലാന്റ് സ്ഥാപിക്കുക എന്നത് ഒരു പ്രവൃത്തിയായതിനാൽ കരാർ പ്രവൃത്തികൾക്ക് ബാധകമായ നിരക്കിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കേണ്ടതായിരുന്ന പ്രവൃത്തിയിൽ ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല.

ഇരു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:10/22-23/11.12.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നടത്തിപ്പിലെ അപാകതകളിൽ വിശദമായ പരിശോധന നടത്തേണ്ടതും ബ്ലോക്ക് ഫണ്ടിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഓഡിറ്റ് പരാമർശിച്ച അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നത് വരെ പ്രൊജക്ടിന്റെ ചെലവ് ₹9,80,000 തടസ്സം ചെയ്യുന്നു.

## 1-19 LP/UP സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 85/23-സ്പോർട്സ് കിറ്റ് വിതരണം | അടങ്കൽ/ഫണ്ടിനം | 500000(ജനറൽ) |
| ചെലവ് | 499773 | ബിൽ നം: /തീ: | 245/27.2.23 |
| കോൺട്രാക്ട് | സ്പോർട്ട സ്പോർട്സ് ,ചന്തക്കുന്ന് ,നിലമ്പൂർ | എഗ്രിമെന്റ് | നമ്പർ ഇല്ല |
| സ്പോർട്സ് കിറ്റ് | 40 LP/UP സ്കൂളുകൾക്ക് വിതരണം ചെയ്യാൻ വേണ്ടി | | |

ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന LP/UP സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനുള്ള പ്രൊജക്ട് ആണിത്.

അപാകതകൾ

1.ബ്ലോക്ക് പഞ്ചായത്ത്ന്റ മേഖലാടിസ്ഥാനത്തിലുള്ള (വിദ്യാഭ്യാസം) ചുമതലയിൽ(പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് (1) ാം ഉപ വകുപ്പ് 4-ാം പട്ടികയിൽ )ഉൾപ്പെടാത്ത LP/UP സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിന്ന് അനുവാദമുള്ള സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2.മേൽ പ്രൊജക്ടിന് അതാത് പഞ്ചായത്തുകളുടെ അനുമതി ലഭ്യമാക്കിയതിന്റ വിവരം ലഭ്യമാക്കിയിട്ടില്ല

3.മോണിട്ടറിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇരു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:14/22-23/12.12.23)മറുപടി ലഭ്യമാക്കിയിട്ടില്ല .അപാകതകൾ പരിഹരിക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു,

## 1-20 ബ്ലോക്ക് വക പഴയ വാഹനം തുടർ നടപടി സ്വീകരിക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

ബ്ലോക്കിന്റെ കൈവശമുള്ള 1997 മോഡൽ മഹാന്ദ്ര ജീപ്പ് (നം:KL-1-K-3401 ) 2017 മുതൽ ഉപയോഗിക്കുന്നില്ല .ഇത് സംബന്ധിച്ച വിവരങ്ങൾ സർക്കാർ ഉത്തരവിൽ (സ.ഉ (കൈ)നം-45/2019/PWD/16.10.2019 ) ൽ നിർദ്ദേശിക്കും പോലെ (10 വർഷം പഴക്കം ,അല്ലെങ്കിൽ 3 ലക്ഷം കിലോമീറ്റർ)ഉള്ള വാഹനങ്ങൾ .മെക്കാനിക്കൽ എൻജിനിയറുടെ വാല്യോഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറിക്ക് (നം:17/22-23 /13.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 PMAY വീട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

PMAY ഉൾപ്പെടുത്തി ബ്ലോക്കിൽ 207 വീടുകൾ 2022-23 ൽ അനുവദിച്ചിട്ടുണ്ട് രേഖകൾ പരിശോധിച്ചതിൽ നാളിതുവരെ പൂർത്തീകരിക്കാതെ വിവിധ ഘട്ടങ്ങളിൽ പൂർത്തീകണം നടത്തിയ വീടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| 22-23ൽ ആകെ അനുവദിച്ചത് | 207 | ജനറൽ - 78<br>എസ്.സി -82<br>എസ്.റ്റി -47 |
| 22-23ൽ പൂർത്തീകരിച്ചത് | 162 | ജനറൽ - 72<br>എസ്.സി -50<br>എസ്.റ്റി -40 |
| പൂർത്തിയാക്കാത്തത് | 39 | ജനറൽ - 6<br>എസ്.സി -26<br>എസ്.റ്റി -7 |

പൂർത്തീകരിക്കാൻ വിവിധ ഘട്ടത്തിലുള്ളവ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:18/22-23/13.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-22 വാഹന വാടക നൽകൽ -ആദായ നികുതി ഈടാക്കിയിട്ടില്ല

22-23 ൽ അസി.എൻജിനിയർക്ക് അനുവദിച്ച വാഹനത്തിൻറ വാടകയിനത്തിൽ ശ്രീ.ബിജു ജോൺ എന്നയാൾക്ക് താഴെപ്പറയും പ്രകാരം തുക അനുഹദിച്ചിട്ടുണ്ട്

| നം | ചെക്ക് നം/തീ | തുക |
|---|---|---|
| 1 | XY 3067274/13.5.22 | 35100 |
| 2 | XY 3067289/9.6.22 | 35100 |
| 3 | XY 3067608/7.7.22 | 35100 |
| 4 | XY 3067274/13.5.22 | 35100 |
| 5 | XY 3067621/03.8.22 | 35100 |
| 6 | XY 3067634/07.9.22 | 35100 |
| 7 | XY 3067645/6.10.22 | 36000 |
| 8 | XY 3067656/7.11.22 | 36000 |
| 9 | XY 3067673/3.12.22 | 36000 |
| 10 | XY 3067689/6.1.23 | 36000 |
| 11 | XY 3067905/4.2.23 | 36000 |
| 12 | XY 3067919/1.3.23 | 36000 |
| | ആകെ | 426600 |

മേൽ തുകയ്ക്ക് (ട്രാൻസ്പോർട്ട് കോൺട്രാക്ട് ) ആദായ നികുതി നിയമം (194-സി) പ്രകാരം 1%ആദായ നികുതി (4266/-രൂപ) ഈടാക്കേണ്ടതുണ്ട് .ആയത് ഈടാക്കി അടവാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:27/22-23/14.12.23)സമർപ്പിച്ച മറുപടിയിൽ മലയോര മേഘലയായതിനാൽ ഡീസൽ ചെലവ് കൂടുതലായതിനാൽ ആദായ നികുതി ഈടാക്കിയിട്ടില്ല എന്നത് അംഗീകരിക്കുന്നില്ല.തുക ഇടാക്കി അടവാക്കേണ്ടതാണ്.

## 1-23 മുൻകൂർ അനുവദിക്കൽ -രശീതി /വിനിയോഗ വിവരം ലഭ്യമാക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ –സെക്രട്ടറി**

താഴെപ്പറയുന്ന തുകകൾ ഏജൻസികൾക്ക് മുൻകൂർ കൈമാറിയതിന്റ വിനിയോഗ വിവരം /കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്

| ചെക്ക് നം /തീ | തുക | ഏജൻസി | റിമാർക്ക്സ് |
|---|---|---|---|
| XY 3067647/17.10.22 | 76358 | KGWD | എസ്.സി കോളനി കുഴൽക്കിണർ വിനിയോഗ വിവരം ലഭ്യമാക്കണം |
| XY 3067912/15.2.23 | 70000 | LSGD ഡയറക്ടർ | പഞ്ചായത്ത് ദിനാഘോഷം കൈപ്പറ്റ് രശീതി ഹാജരാക്കണം |
| ആകെ | 146358 | | |

മേൽ ചെലവുകൾക്ക് പ്രൊജക്ട് തയ്യാറാക്കാതെ യാണ് തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുള്ളത് .ഓഡിറ്റ് അന്വോഷണത്തിന് (നം:29/22-23/13.12.23) ന് മറപുടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കുന്നത് വരെ തുക തുക തടസ്സപ്പെടുത്തുന്നു.

## 1-24 കണ്ടീജന്റ് ചെലവ് – ധനവിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല.

**നിർവ്വഹണോദ്യോഗസ്ഥൻ :**സെക്രട്ടറി

താഴെപ്പറയുന്ന കണ്ടീജന്റ ചെലവുകൾക്ക് അടിസ്ഥാനമായിട്ടുള്ള ധന വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

| ചെക്ക് നം /തീ | തുക | ചെലവ് വിവരം | റിമാർക്ക്സ് |
|---|---|---|---|
| XY3067272/11.5.22 | 26340 | KL-10-AL-1994 വാഹനം -2ടയർ മാറ്റൽ(ഇൻഫോ വീൽ &കാർ ടയർ | മെക്കാനിക്കൽ എൻജിനിയറുടെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| XY3067786/2.6.22 | 22247 | KL-10-AL-1994 വാഹനം-റിപ്പയർ (മുസ്താങ് ഓട്ടോമോട്ടീവ് ഗാരേജ് ) | മെക്കാനിക്കൽ എൻജിനിയറുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല |
| XY3067677/4.2.23 | 13680 | KL-10-AL-1994 വാഹനം-റിപ്പയർ (മുസ്താങ് ഓട്ടോമോട്ടീവ് ഗാരേജ് ) | മെക്കാനിക്കൽ എൻജിനിയറുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല |
| XY3067906/4.2.23 | 39847 | KL-10-AL-1994 വാഹനം-റിപ്പയർ (മുസ്താങ് ഓട്ടോമോട്ടീവ് ഗാരേജ് ) | മെക്കാനിക്കൽ എൻജിനിയറുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം :29/22-23/14.12.23)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-25 മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ചുങ്കത്തറ ) 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. ആയതിൽ ലഭ്യമായ മരുന്നുകളുടെയും ലഭിക്കാൻ അവശേഷിക്കുന്നതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് വിവരം | മരുന്ന് ലഭിച്ച വിവരം | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| സജ്ഞീവനി<br>135/23<br>12,00,000/-<br>(വികസന ഫണ്ട് ജനറൽ) | ബി.നം22/22-22 /08.02.2023-570337/-<br>PRF. 4145/02.02.2023-570337/- | 1559/03.05.2023-5755/-<br>2769/09.05.2023-37034/-<br>6301/20.052023-93473/-<br>9823/19.06.2023-33225/-<br>10946/29.06.2023-77280/- | 239517 |

| | | | | | |
|---|---|---|---|---|---|
| | | | 10684/26.06.2023-6496/-<br>14707/29.07.2023-29126/-<br>15485/09.08.2023-4169/-<br>15822/11.08.2023-43920/-<br>17979/19.09.2023-342/- | | |
| | | ബി.നം29/22-22 /25.02.2023-478373/-<br>PRF. 4687/22.02.2023-478373/- | 2756/09.05.2023 -17528<br>7050/01.06.2023- 3374<br>10919/29.06.2023- 192550<br>10654/26.06.2023 – 9957<br>11863/07.07.2023 -11302<br>12913/15.07.2023-15911<br>14711/29.07.2023-9503<br>15816/11.08.2023-14334<br>16198/17.08.2023 – 1344<br>17048/24.08.2023 -4592<br>21755/27.11.2023 - 14424 | 183554 | |
| | ചുങ്കത്തറ സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ (197/23)<br>2175438/-<br>(റോഡിതരം) | ബി.നം. 40/22-23 /24.03.2023- 875438/-<br>PRF. 5669/23.03.2023- 875438/- | 1292/24.04.2023- 34027<br>2836/10.05.2023-14992<br>7903/ 06.06.2023-104337<br>8766/13.06.2023-137440<br>9947/20.06.2023-42489<br>10943/29.06.2023-128727<br>12949/15.07.2023-6336<br>13789/25.07.2023-17948<br>14704/29.07.2023-17024<br>17974/19.09.2023-683<br>18817/03.10.2023-21840<br>21075/18.11.2023-4525<br>20666/09.11.2023-26330<br>ആകെ-/– | 318740 | |
| | | ബി.നം. 41/22-23 /25.03.2023- 800000/-<br>PRF-5703/24.03.2023-800000 | 1293/27.04.2023-33869<br>1805/05.05.2023-24755<br>1819/05.05.2023-35560<br>2841/10.05.2023-14992<br>7089/01.06.2023-20755<br>9387/16.06.2023-184558<br>9951/20.06.2023-31564<br>10940/29.06.2023-86173<br>10699/26.06.2023-17094<br>13793/25.07.2023-16223 | 255154 | |

| | | | |
|---|---|---|---|
| | | 12940/15.07.2023-53038<br>17967/19.09.2023-683<br>18818/03.10.2023-20232<br>24232/02.11.2023-622<br>21001/18.11.2023-8646<br>22445/02.12.2023-9257 | |
| സെക്കന്ററി പരിരക്ഷ (13/22-23) 1000000/- (വികസന ഫണ്ട് ജനറൽ) | ബി.നം31/21-23 /15.03.2023-607055/- PRF. 5088/08.03.2023-607055/- | 4070/18.05.2023-8873<br>11886/07.07.2023-2403<br>15533/09.08.2023-4399<br>18669/27.09.2023-1600<br>19774/23.10.2023-53153<br>20054/02.11.2023-4826<br>20662/09.11.2023-26330<br>22955/07.12.2023-74010 | 431460 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/11.12.2023 ന് അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതാണെന്നും മറുപടി നല്കി. അവശേഷിക്കുന്ന 14,28,425/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകൾ ലഭ്യമാക്കി ടാക്സ് ഇൻവോയ്സും , സ്റ്റോക്കിലെടുത്ത വിവരം ഉൾപ്പെടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 കണക്കിൽപ്പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ നിലമ്പൂർ SBI യിൽ ഉള്ള 67336290699 നമ്പർ ബാങ്ക് അക്കൗണ്ടില് 25-11-2023 ന് 1913 രൂപയും നിലമ്പൂർ സബ് ട്രഷറിയിലെ 135 നമ്പർ സെപ്ഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ (31.03.2023 ന് 219586 രൂപയും) 30.11.2023ന് 196967 രൂപ യും ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും ഓഫീസിലെ കാഷ്ബുക്കിൽ ഈ അക്കൗണ്ടുകളിലെ വരവ്-ചെലവ് - നീക്കിബാക്കി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് , ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക ബന്ധപ്പെട്ട ആവശ്യത്തിന് IT,GST എന്നീ വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് പരിശോധിച്ച്, പ്രസ്തുത ആവശ്യത്തിന്/ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്. മേൽ പ്രകാരമുള്ള അക്കൗണ്ട് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.
(ഓഡിറ്റ് എൻക്വയറി 11/12.12.2023 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-27 കുടിവെള്ള പദ്ധതികൾ- കുഴൽ കിണർ നിർമ്മാണം വിവരം ലഭ്യമാക്കേണ്ടതാണ്.

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾക്ക് കുഴൽ കിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | വരക്കുളം കുടിവെള്ള പദ്ധതി26/23 | കൈതവളപ്പൻ കുടിവെള്ള പദ്ധതി42/23 |
|---|---|---|

| | | |
|---|---|---|
| ഡെപ്പോസിറ്റ് ചെയ്ത തുക | (ജി.എം.1144 /2020/05.02.2021 നമ്പർ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം) 55916/- BRN. 21150763021700568391/27.10.2022 | (ജി.എം.1469 /2021/14.01.2022 നമ്പർ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം) 93750/- CFC |
| റിമാർക്സ് | ഫൈനൽ ബിൽ പ്രകാരം 22459/- രൂപയാണ് വരക്കുളം കുടിവെള്ള പദ്ധതിക്കുള്ള കുഴൽ കിണർ നിർമ്മിക്കുന്നതിനായി ചെലവായിട്ടുള്ളത്. (ജി.എം.1144 /2020/07.02.2023) | ഭൂജലവകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ GM/1469/2021 തി.15.12.2022 നമ്പർ കത്ത് പ്രകാരം കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചതായും ഫൈനൽ ബില്ല്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ ലഭിച്ചതിന്റെയും അതാത് ഫണ്ടിലേക്ക് അടവാക്കിയതിന്റെയും വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (20/13.12.2023) ന് വരക്കുളം കുടിവെള്ള പദ്ധതി26/23 നായി ഡെപ്പോസിറ്റ് ചെയ്തതിൽ ധനവിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് കുഴൽ കിണർ നിർമ്മാണത്തിന് 22459/- രൂപയും Yield Test, Flushing പ്രവത്തികൾക്കായി 13290 /- രൂപയും ചെലവായിട്ടുള്ളതായും ബാക്കി തുകയായ 20167/- രൂപ 07.02.23 ന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തിരികെ നൽകിയിട്ടുള്ളതായും മറുപടി ലഭ്യമാക്കി. കൈതവളപ്പൻ കുടിവെള്ള പദ്ധതി42/23 യുടെ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-28 ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ മെയിന്റനൻസ്-വിശദീകരണം ലഭ്യമാക്കേണ്ടതാണ്

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ മെയിന്റനൻസ് (52/23) പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം പുതിയതായി പെയിന്റ് ചെയ്ത് ഭരണസമിതി അംഗങ്ങൾക്ക് പ്രത്യേകം ഇരിപ്പിടം തയ്യാറാക്കുന്നതിനും ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ പണി തുടങ്ങിയ പൊതുജനങ്ങൾക്കായുള്ള ടോയ് ലറ്റ് പണിപൂർത്തീകരിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യം വെച്ചത്.

| | |
|---|---|
| പ്രൊജക്ട് | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ മെയിന്റനൻസ് (52/23) |
| അടങ്കൽ/ ചെലവ് | 500000/459169(റോഡിതരം) BRN- 22150763021701006226/06.01.2023 |
| എം ബുക്ക് | എം ബുക്ക്നമ്പർ രേഖപ്പെടുത്തിയിട്ടില്ല.ബില്ലിലും രേഖപ്പെടുത്തിയിട്ടില്ല (എം ബുക്ക് പേജ് 1-32) |
| കരാർ | 06/AE/2022-23/NBR/ 19.04.2022 |
| ടി എസ് | 95365/2021-22 |
| കരാറുകാരൻ | മുഹമ്മദലി പി.കെ |

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ബില്ലിൽ LS For Curtain - 24000/-, LS For Letters - 14800/- (എം ബുക്ക് പേജ് 31,32 എന്നിവയിലും തുക രേഖപ്പെടുത്തിയിട്ടുണ്ട് .എന്നാൽ അളവ് രേഖപ്പെടുത്തിയിട്ടില്ല) എന്നിവ ഉൾപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ചെലവിനായുള്ള അനുബന്ധ രേഖകൾ ഫയലിൽ ലഭ്യമല്ല.

2) എം ബുക്കിന് നമ്പർ രേഖപ്പെടുത്താത്തതിനും തയ്യാറാക്കിയ ബില്ലിലും എം ബുക്ക് നമ്പർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് ഓഡിറ്റ് എൻക്വയറി (22/13-12-2023) നൽകിയതിനെ തുടർന്ന് Curtain, Letters എന്നിവയുടെ ബില്ലുകൾ ഹാജരാക്കി. എന്നാൽ ഹാജരാക്കിയ ബില്ലിൽ വാങ്ങിയവയുടെ സ്പെസിഫിക്കേഷൻ, അളവ് തുടങ്ങിയ വിശദ വിവരം രേഖപ്പെടുത്തിയിട്ടില്ല. (ക്വട്ടേഷൻ/ടെണ്ടർ വാങ്ങൽ നടപടികളുടെ രേഖകളും ഹാജരാക്കിയില്ല. എൽ.എസ്. പ്രൊവിഷൻ വഴിയുള്ള ചെലവുകൾക്കായുള്ള വിശദമായ ബില്ലുകളും ടെണ്ടർ ക്വട്ടേഷൻ നടപടികളുടെ

രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്). 13-12-2023ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പരിശോധിച്ചപ്പോൾ മേൽ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച രണ്ട് ടോയ്‌ലറ്റുകളിൽ ഒരു ടോയ്‌ലറ്റ് (വനിതകൾക്കായുള്ളത്) ഉപയോഗ യോഗ്യമല്ലാത്തതിനാൽ പൂട്ടിയിട്ടതായി ബോധ്യപ്പെട്ടു. ആയത് അപാകത പരിഹരിച്ച് ഉപയോഗത്തിനായി തുറന്ന് കൊടുക്കേണ്ടതാണ്.

## 1-29 കുടിവെള്ള പദ്ധതികൾ -പൂർത്തീകരണ ശേഷം പരിപാലന കമ്മറ്റികൾക്ക് കൈമാറുന്നില്ല

കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ് എന്നും നിർമ്മാണം പൂർത്തിയാക്കിയ ശേഷം പദ്ധതിയുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയും ഗുണഭോക്തൃ ഗ്രൂപ്പ് ഏറ്റെടുക്കുന്നതാണ് എന്ന് കരാറിൽ ഏർപ്പെട്ട ശേഷമേ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവൂ എന്ന് സബ്സിഡി മാർഗ്ഗരേഖ GO (MS) 115/2022/LSGD Dt 28.05.2022 Para 7 ( lv) ൽ നിർദ്ദേശിച്ചതാണ്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന കുടിവെള്ള പദ്ധതികളിലൊന്നും തന്നെ മേൽ പരാമർശിക്കപ്പെട്ട നിബന്ധന പാലിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷവും പദ്ധതി ഗുണഭോക്തൃ കമ്മിറ്റികളെ ഏൽപ്പിച്ചതായി കാണുന്നില്ല. പദ്ധതി പ്രവർത്തക്ഷമമാണോ എന്നതിന്റെ വിവരവും ഫയലിൽ നിന്ന് ലഭ്യമല്ല.

വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | പദ്ധതി | ചെലവ് |
|---|---|---|
| 1 | കുവ്വക്കോൽ കുടിവെള്ള പദ്ധതി 25/23 | 190451 |
| 2 | മുപ്പിനി കുടിവെള്ള പദ്ധതി 61/23 | 296163 |
| 4 | കൈതവളപ്പൻ കുടിവെള്ള പദ്ധതി 42/23 | 322640 |
| 5 | വരക്കളം കുടിവെള്ള പദ്ധതി 102/23 | 384274 |
| 6 | മാമാങ്കര സമിതി കുടിവെള്ള പദ്ധതി 46/23 | 416863 |
| 7 | കുവ്വക്കോൽ കുടിവെള്ള പദ്ധതി പൂർത്തീകരണം 34/23 | 432464 |
| 8 | കൗക്കാട് അമ്പവക്കുന്ന് കുടിവെള്ള പദ്ധതി 35/23 | 422937 |
| 9 | തമ്പുരാട്ടിക്കല്ല് കുടിവെള്ള പദ്ധതി 30/23 | 499160 |
| 10 | മുപ്പിനി കുടിവെള്ള പദ്ധതി (98/23) | 508037 |
| 11 | ഏട്ടപ്പാറ കുടിവെള്ള പദ്ധതി (101/23) | 542278 |
| 12 | ഏട്ടപ്പാറകുടിവെള്ള പദ്ധതി പോത്തുകൽ (31/23) | 557822 |
| 13 | ഇരുളംകുന്ന് കുടിവെള്ള പദ്ധതി (167/23) | 497279 |
| 14 | അമ്പലപ്പൊയിൽ എസ്.സി കോളനി കുടിവെള്ള പദ്ധതി (69/23) | 496770 |
| 15 | തമ്പുരാട്ടി കുടിവെള്ള പദ്ധതി (13/23) | 61885 |
| 16 | മുണ്ടപ്പാടം എസ്.ടി കോളനി കുടിവെള്ള പദ്ധതി (28/23) | 202225 |
| 17 | തുടിമുട്ടി എസ്.ടി കോളനി കുടിവെള്ള പദ്ധതി (55/23) | 210076 |
| 18 | കോട്ടപ്പാടം എസ്.ടി കോളനി കുടിവെള്ള പദ്ധതി (56/23) | 226926 |
| 19 | പള്ളിപ്പടി എസ്.സി കോളനി കുടിവെള്ള പദ്ധതി (27/23) | 84492 |
| 20 | ഓടപ്പൊട്ടി കുടിവെള്ള പദ്ധതി (179/23) | 148883 |
| 21 | പെരുമ്പിലാട് പറ്റൻഎസ്.സി കോളനി കുടിവെള്ള പദ്ധതി (45/23) | 750745 |
| 22 | കൊന്നമണ്ണ എരക്കോൾകുന്ന് കുടിവെള്ള പദ്ധതി (33/23) | 779680 |
| 23 | വരക്കളം കുടിവെള്ള പദ്ധതി (26/23) | 977532 |

കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച മേൽ പരാമർശിച്ച രേഖകൾ / വിശദീകരണങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 26/15.12.2023 മറുപടി ലഭ്യമാക്കിയില്ല.)

## 1-30 മരാമത്ത്-നിശ്ചിത കാലാവധിയ്ക്കകം കരാറിലേർപ്പെടാത്തതിന് പിഴ ഈടാക്കിയില്ല.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ)

കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട് കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തിയുടെ കരാർ മേൽ പറഞ്ഞ 14 ദിവസത്തിന് ശേഷമാണ് ചമച്ചതെങ്കിലും PAC തുകയുടെ 1% പിഴ ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

**കുവ്വക്കോൽ കുടിവെള്ള പദ്ധതി – വഴിക്കടവ് SO 25/23**

അടങ്കൽ: 258721/- രൂപ (CFC) കരാറുകാരൻ: ഉബൈദുള്ള കെ

കരാർ: 04/2019-20/AE/NBR/16.09.2019

സാങ്കേതികാനുമതി- 115105/2018-19 PAC: 718168.57 രൂപ

ചെലവ്:190451/- രൂപ (2022-23) ( 555158/- First Part Bill)

എം ബുക്ക് – 38/20-21/18.08.2020, 38A/20-21 വൗച്ചർ നമ്പർ: BRN 22150763021700573387/28.10.2021- 555158/-, BRN 22150763021700246828/28.06.2022-:190451/-

സെലക്ഷൻ നോട്ടീസ്: നമ്പർ 148/19/16.08.2019 (കൈപ്പറ്റിയത്- 30.08.2019)

പിഴയില്ലാതെ കരാർ ചമക്കേണ്ട അവസാന തീയതി: 13.09.2019 കരാർ ചമച്ച തീയതി: 16.09.2019

ഈടാക്കേണ്ട പിഴ,( PAC യുടെ 1%): 7181.68 Rounded To: 7182/- രൂപ. (സെലക്ഷൻ നോട്ടീസിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്) .

മേൽ പ്രകാരം പിഴ ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

115105/2018-19 പ്രകാരം മേൽ പ്രവൃത്തി 6 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതാണ്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയതായി കാണുന്നില്ല . ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. {ആദ്യ അളവെടുത്ത തിയ്യതി 19.02.2020 (എം ബുക്ക് പേജ് 2), 25.02.2020 (എം ബുക്ക് പേജ് 3), 03.03.2020 (എം ബുക്ക് പേജ് 4) അവസാനം അളവെടുത്തത് 28.03.2022 (എം ബുക്ക് 38A/20-21 പേജ് 11 ) }. അപാകതകൾ പരാമർശിച്ച് ഓഡിറ്റ് എൻക്വയറി ( ) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 07.12.2023 മുതൽ 15.12.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ | ലഭിച്ച തുക | പദ്ധതി പേരും നമ്പറും | ചെലവഴിച്ച തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| ജില്ലാ പഞ്ചായത്ത് | 6664000 | നികേതനം 64/23 | 6664000 | 0 |
| | 6370000 | നികേതനം 65/23 | 6370000 | 0 |
| | 4184000 | നികേതനം 66/23 | 4184000 | 0 |
| ഗ്രാമ പഞ്ചായത്ത് | 5250000 | നികേതനം 64/23 | 5250000 | 0 |
| | 4480000 | നികേതനം 65/23 | 4480000 | 0 |
| | 2940000 | നികേതനം 66/23 | 2940000 | 0 |
| | 495611 | പാലുണ്ട അംഗനവാടി 65/23 | 495611 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| Mgnregs ജില്ലാ മിഷൻ,മലപ്പുറം | അംഗനവാടികളുടെ നിർമ്മാണത്തിന് ബ്ലോക്ക് ,ഷെയർ നൽകൽ | 244/27.2.23-225000<br>266/15.3.23-900000<br>268/15.3.23-900000<br>390/31.3.23-384000 | 225000<br>900000<br>900000<br>384000 | U/c ലഭ്യമാക്കിയിട്ടില്ല | 225000<br>900000<br>900000<br>384000 |
| കെ എസ് ഇ ബി | 159/ പുന്നക്കൽ വെള്ളക്കട്ട റോഡ് വികസനം-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22200114/30.06.2022 | 34247 | 0 | 34247 |
| KGWD | എസ്.സി കോളിനി കുടിവെള്ളപദ്ധതി | XY3067647/17.10.22 | 76358 | 0 | 76358 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 33 | 2004-05 | 33 | രേഖകൾ ലഭ്യമാക്കാത്തത് | എൽ.എഫ്.എ.സി.(11-16 )-3-ാമത് റിപ്പോർട്ട് പ്രകാരം പരിശോധനാകുറിപ്പ് നൽകി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 145687745 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 148209675 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14475331 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 655044 | സെക്രട്ടറി,ശ്രീ.സന്തോഷ് .എ.ജെ |
| 1-13 | 1395000 | സെക്രട്ടറി,ശ്രീ.സന്തോഷ് .എ.ജെ |
| 1-14 | 1978200 | സെക്രട്ടറി,ശ്രീ.സന്തോഷ് .എ.ജെ |
| 1-15 | 2771998 | സെക്രട്ടറി,ശ്രീ.സന്തോഷ് .എ.ജെ |
| 1-16 | 3639958 | സെക്രട്ടറി,ശ്രീ.സന്തോഷ് .എ.ജെ |
| 1-17 | 2409000 | സെക്രട്ടറി,ശ്രീ.സന്തോഷ് .എ.ജെ |
| 1-18 | 980000 | സെക്രട്ടറി,ശ്രീ.സന്തോഷ് .എ.ജെ |
| 1-19 | 499773 | സെക്രട്ടറി,ശ്രീ.സന്തോഷ് .എ.ജെ |
| 1-23 | 146358 | സെക്രട്ടറി,ശ്രീ.സന്തോഷ് .എ.ജെ |
| **ആകെ** | 14475331 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 1999-2000 | എൽ.എഫ്.എം.4/1797/2003/23-11-2004 | 6 |
| 2001-02 | എൽ.എഫ്.എം.4/1459/14(3) തി.08.12.2014 | 8 |
| 2003-04 | എൽ.എഫ്.എം.4/1459/14(5) തി.08.12.2014 | 10 |
| 2004-05 | എൽ.എഫ്.എം.4/1459/14(6) തി.08.12.2014 | 2 |
| 2005-06 | എൽ.എഫ്.എം.4/1459/14(7) തി.08.12.2014 | 4 |
| 2006-07 | എൽ.എഫ്.എം.4/1459/14(8) തി.08.12.2014 | 6 |
| 2007-08 | എൽ.എഫ്.എം.4/2001/21 തി.21.04.2022 | 43 |
| 2008-09 | എൽ.എഫ്.എം.4/1459/14(10) തി.08.12.2014 | 10 |
| 2009-10 | എൽ.എഫ്.എം.4/1459/14(11) തി.08.12.2014 | 14 |
| 2010-11 | എൽ.എഫ്.എം.4/25/13 തി.10.12.2015 | 14 |
| 2011-12<br>2012-13 | എൽ.എഫ്.എം.4/230/14 തി.29.10.2014 | 19 |
| 2013-14 | എൽ.എഫ്.എം.4/2458/14 തി.23.01.2016 | 4 |
| 2014-15 | എൽ.എഫ്.എം.4/1332/17 തി.16.11.2020 | 6 |
| 2015-16 | കെ.എസ്.എ.എം.പി.എം4/820/2020 തി,17.11.2020 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം4/78/20 തി.20.01.2021 | 13 |
| 2017-18 | കെ.എസ്.എ.എം.പി.എം4/2739/19 തി.19.11.2020 | 15 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/608/2021 തി.04.02.2021 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം.4/312/2022/ 16-03-2022 | 17 |
| 2020-21 | കെ.എസ്.എ.എം.പി.എം.4/2410/2022/ 08.11.2022 | 20 |
| 2021-22 | കെ.എസ്.എ.എം.പി.എം.4/504/2023/ 31.3.2023 | 10 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എംഎ.12/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-06-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nilambur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nilambur Block Panchayat for the year 2022-2023

**Date: 27/12/2023**

**Senior Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Nilambur Block Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.

   1. Ratios
   2. Notes on accounts
   3. Comparative amounts

2 .Asset register is not up to date and is not reliable for audit.

3. Calculation sheet of depreciation not produced for verification.

4. Cashflow statement - Net increase in cashflow does not match with the difference between the opening balance and

closing balance of cash and cash equivalents.

5. Deposit register is not completed.
6. Investment register is not completed.
7. Balance of Grants as per B17 schedule does not match with amounts as per B4 Schedule.
8. All the deposit works done in this year are not included in the annual financial statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്